ഉത്തരം

(എ) ഇല്ല. (കേരളത്തിന്റെ നികുതി വരുമാനം വർദ്ധിക്കുന്നില്ല എന്നത് ഒരു മിഥ്യാധാരണയാണ് എന്ന് ബഡ്ജറ്റ് പ്രസംഗത്തിൽ വിശദീകരിച്ചിട്ടുണ്ട്)

(ബി) 52% വർദ്ധനവ്.

(സി) ഉത്തരം (എ), (ബി) എന്നിവയുടെ അടിസ്ഥാനത്തിൽ ചോദ്യം പ്രസക്തമല്ല.

പുതിയ നികുതി

165. [3158] ശ്രീ. ആര്യാടൻ മുഹമ്മദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2006-07, 2007-08, 2008-09 എന്നീ വർഷങ്ങളിലെ ബഡ്ജറ്റുകളിലൂടെ മൊത്തം എത്ര കോടി രൂപയുടെ പുതിയ നികുതികളാണ് പ്രഖ്യാപിക്കപ്പെട്ടത്;

(ബി) പുതുതായി പ്രഖ്യാപിക്കപ്പെട്ട നികുതിയിനത്തിൽ 2006-07, 2007-08 എന്നീ വർഷങ്ങളിൽ എത്ര തുക വീതം പിരിച്ചെടുക്കാൻ കഴിഞ്ഞു?

ഉത്തരം

(എ) 2006-07-ലെ ബഡ്ജറ്റിലൂടെ 45 കോടി രൂപയുടെ പുതിയ നികുതികളാണ് പ്രഖ്യാപിക്കപ്പെട്ടത്. കൂടാതെ കോമ്പൗണ്ടിങ്ങ് സമ്പ്രദായം യുക്തിസഹമായി പുനഃസംവിധാനം ചെയ്തതുവഴി 82 കോടി രൂപയുടെ അധിക വരുമാനവും പ്രതീക്ഷിച്ചിരുന്നു. 2007-08 വർഷത്തിൽ 107 കോടി രൂപയും 2008-09 വർഷത്തിൽ സെസ്സും, സർച്ചാർജ്ജും ഉൾപ്പെടെ 188 കോടി രൂപയുടെ പുതിയ നികുതികളാണ് പ്രഖ്യാപിക്കപ്പെട്ടത്.

(ബി) വിവരം ശേഖരിച്ചുനൽകുന്നതാണ്.

പാചക വാതക ഇന്ധനങ്ങൾക്ക് സബ്സിഡി

166. [3159] ശ്രീ. കെ. രാജു: താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കേന്ദ്ര സർക്കാർ പ്രഖ്യാപിച്ച വമ്പിച്ച പാചക വാതക ഇന്ധനങ്ങളുടെ വില വർദ്ധന ലഘൂകരിക്കുന്നതിനായി പാചക വാതക ഇന്ധനങ്ങൾക്ക് സബ്സിഡി അനുവദിക്കാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

ഇപ്പോൾ പരിഗണനയിലില്ല.

LIBRARY ARCHIVES Kerala Legislative Assembly